# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 649** **10.03.2015- ൽ മറുപടിക്ക്**

## മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ നിയമന അഴിമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി. ജലീൽ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ ഒഴിവുവന്ന മൂന്ന് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനത്തിനായി നടത്തിയ എഴുത്ത് പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച, നിയമനത്തിനു കോഴ, 30-12-2014 നു നടത്തിയ ഇന്റർവ്യൂവിൽ അഴിമതി, സംവരണതത്വം പാലിക്കാതെയും മിൽ ഡയറക്ടർ ബോർഡിന്റെ അനുമതി തേടാതെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതുൾപ്പെടെയുള്ള വ്യാപക ക്രമക്കേട് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരാതികൾ നിലവിലുണ്ടോ ; എങ്കിൽ ഏത് തരത്തിലുള്ള അന്വേഷണത്തിനാണ് ഉത്തരവിട്ടിട്ടുള്ളത് ; | (എ) | ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. അതിന്മേൽ കൈത്തറി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>മേൽ ലിസ്റ്റിൽ നിന്നും ഇതു വരെ ആർക്കും നിയമനം നൽകിയിട്ടില്ല. |
| (ബി) | 29-12-2014 നു ഒഴിവുള്ള ഡെപ്യൂട്ടി ഫിനാൻഷ്യൽ കൺട്രോളർ തസ്തികയിലേക്ക് നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുത്ത മൂന്ന് ഉദ്യോഗാർത്ഥികളിൽ രണ്ട് ഉദ്യോഗാർത്ഥികൾക്ക് പ്രവർത്തന പരിചയം ഇല്ലാത്തതിനാൽ അയോഗ്യരാക്കുകയും എന്നാൽ മൂന്നാമത്തെ | (ബി) | പരാതികൾ നിലവിലുണ്ട്. 29.12.2014 ന് ഒഴിവുള്ള ഡെപ്യൂട്ടി ഫിനാൻഷ്യൽ കൺട്രോളർ തസ്തികയിലേക്ക് നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുത്ത മൂന്ന് ഉദ്യോഗാർത്ഥികളും അയോഗ്യരായതിന്റെ അടിസ്ഥാനത്തിൽ നിയമന പ്രക്രിയ താൽക്കാലികമായി നിർത്തി വെയ്ക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഇതിൽ |

ഉദ്യോഗാർത്ഥിക്ക് സമാന മേഖലയിൽ തന്നെ പ്രവർത്തന പരിചയം ഉണ്ടായിട്ടും നിയമനം തടഞ്ഞതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതികൾ നിലവിലുണ്ടോ;അയോഗ്യരാക്കിയ ഉദ്യോഗാർത്ഥികളിൽ മിൽ ചെയർമാന്റെ ബന്ധു ഉൾപ്പെട്ടതിനാൽ പ്രവർത്തന പരിചയ കാലയളവ് തികക്കാൻ വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാനുള്ള തീരുമാനം റദ്ദ് ചെയ്യുമോ;

പങ്കെടുത്ത ഒരു ഉദ്യോഗാർത്ഥിയുടെ പരാതി നിലവിലുണ്ട്. എന്നാൽ പ്രസ്തുത പരാതി അടിസ്ഥാനരഹിതവും വസ്തുതകൾക്ക് വിരുദ്ധവുമാണ്. മിൽ ചെയർമാന്റെയോ, മറ്റു ഇന്റർവ്യൂ കമ്മിറ്റി മെംബർമാരുടേയോ ബന്ധുക്കൾ ആരും തന്നെ ഉദ്യോഗാർത്ഥികളായി ഉണ്ടായിരുന്നില്ല.

(സി) മലപ്പുറം മില്ലിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷനിലൂടെ നിയമനം നടത്തിയത് പത്ര പരസ്യം, ഇന്റർവ്യൂ തുടങ്ങിയ നടപടിക്രമങ്ങൾ പാലിച്ചാണോ; ചെങ്ങന്നൂർ പ്രഭുറാം മില്ലിൽ പേർസണൽ മാനേജർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരന് ഉന്നത ചീഫ് എക്സിക്യൂട്ടീവ് തസ്തികയായ മലപ്പുറം മില്ലിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷനിലൂടെ നിയമനം നൽകിയത് ചട്ടപ്രകാരമാണോ; താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുന്ന പ്രസ്തുത ജീവനക്കാരന് ഡെപ്യൂട്ടേഷ നിലൂടെ സമാന തസ്തികക്ക് പകരം ഉന്നത തസ്തിക അനുവദിച്ച് നൽകുവാനുള്ള കാരണം എന്താണ്; ഉന്നത തസ്തിക അനുവദിച്ച് നൽകുന്നത് ഏത് നിയമ പ്രകാരമാണ്; എത്ര വർഷത്തേക്കാണ് നിയമനം നൽകിയത്;

(സി) മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ മാനേജിംഗ് ഡയറക്ടറെ സർക്കാർ ഉത്തരവ് പ്രകാരമാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത വ്യക്തി 2005 മുതൽ മാനേജർ തസ്തികയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ വിവിധ യൂണിറ്റുകളിൽ ജോലി ചെയ്യുകയും, തുടർന്ന് 01.06.2009 മുതൽ സ്വതന്ത്ര്യചുമതലയുള്ള യൂണിറ്റ് ഇൻ-ചാർജ്ജായി കോട്ടയം ടെക്സ്റ്റൈൽസിലും, അതിന് തുടർച്ചയായി 13.10.2011 മുതൽ സ്വതന്ത്ര ചുമതലയോടു കൂടി യൂണിറ്റ്-ഇൻ ചാർജ്ജായി പ്രഭു റാംമിൽസിലും, അതിനു ശേഷം തുടർച്ചയായി 10.10.2012 മുതൽ പിണറായിയിലും ഉദുമയിലുമുള്ള ഹൈടെക് വീവിംഗ് മില്ലുകളിലും സ്പെഷ്യൽ ഓഫീസറായും 19.08.2013 മുതൽ മലപ്പുറം സഹകരണ സ്പിന്നിംഗ്മില്ലിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായി ജോലി

| | | | |
|---|---|---|---|
| | ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് പരാതികൾ നിലവിലുണ്ടോ; എങ്കിൽ പരാതിയിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്ത മാക്കുമോ; | | ചെയ്യുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിലെ തസ്തികയിലുള്ള ആനുകൂല്യങ്ങൾ മാത്രമാണ് അദ്ദേഹം കൈപ്പറ്റുന്നത്. ഇത് സംബന്ധിച്ച പരാതികൾ നിലവിലില്ല. |
| (ഡി) | പ്രസ്തുത ജീവനക്കാരന് ചെങ്ങന്നൂർ പ്രഭുറാം മില്ലിൽ ഡെപ്യൂട്ടി മാനേജർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയത് ചട്ട വിരുദ്ധമാണെന്ന് പറഞ്ഞ് കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; പ്രസ്തുത ജീവനക്കാരന് അഴിമതി സംബന്ധിച്ച് പോലീസ് കേസ്സുകൾ നിലവിലുണ്ടോ; ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് പരാതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പരാതിയിൻമേൽ ഇതുവരെയായും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) | ഇല്ല. പ്രസ്തുത ജീവനക്കാരന്റെ പേരിൽ അഴിമതി സംബന്ധമായി പോലീസ് കേസോ, മറ്റു പരാതികളോ നിലവിലില്ല. |

സെക്ഷൻ ഓഫീസർ